**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2401** **07-07-2022 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2019-20, 2020-21, 2021-22 കാലയളവുകളിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, ഇവയിൽ കണ്ടുപിടിച്ച കേസ്സുകൾ, ഈടാക്കിയ തുക, ഇനിയും ഈടാക്കുവാനുള്ള തുക, പ്രസ്തുത തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തുടരുന്ന നടപടികൾ എന്നിവ സംബന്ധിച്ച് വിശദമാക്കുമോ; | (എ) | **സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗവും ഇന്റലിജൻസ് വിഭാഗവും 2019-20, 2020-21, 2021-22 കാലയളവുകളിൽ കണ്ടെത്തിയ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.**<br><br>**വെട്ടിച്ച ടാക്സും പിഴയും പലിശയും അടച്ചില്ലെങ്കിൽ നിയമം അനുശാസിക്കുന്ന നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ ലഭിക്കുവാൻ ബാക്കിയുള്ള തുക ഈടാക്കുന്നതിനും നിയമ നടപടികൾ കൈക്കൊണ്ടുവരുന്നു.** |
| (ബി) | നികുതി വെട്ടിപ്പ് തടയുന്നതിനായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | **ചരക്കു വാഹനങ്ങൾ പരിശോധിക്കുന്നതിന് സംസ്ഥാനമൊട്ടാകെ പ്രത്യേകിച്ചും അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന സർവൈലൻസ് സ്ക്വാഡുകളും, മൊബൈൽ സ്ക്വാഡുകളും പരിശോധന നടത്തി വരുന്നു. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എ.എൻ.പി.ആർ ക്യാമറ സംവിധാനം അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.**<br><br>**ചരക്കു വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ പകർത്തി തത്സമയം ഇ-വേ ബിൽ പോർട്ടലുമായി ഒത്തുനോക്കി ഇ-വേ ബിൽ ഇല്ലെങ്കിലോ മറ്റു ന്യൂനതകളോ കാണുന്ന പക്ഷം അതാതു ക്യാമറ പരിധിയിൽ വരുന്ന ഇന്റലിജൻസ് ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ ആപ്ലിക്കേഷനിലേക്കു അലെർട്ടുകൾ നൽകുകയും ചെയ്യുന്നതാണ് ഈ സംവിധാനം. കൂടാതെ ഡാറ്റ അനലിറ്റിക്സ് ഉപയോഗപ്പെടുത്തി നികുതി വെട്ടിപ്പിനു സാധ്യതയുള്ള വ്യാപാരികളുടെ കണക്കുകൾ പരിശോധിക്കുകയും ആവശ്യമെങ്കിൽ** |

| | | | |
|---|---|---|---|
| | | | കടപരിശോധന ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ട് പോകുന്നു.<br><br>സംസ്ഥാന നികുതി വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ വിഭാഗം വ്യാജ ബില്ല് മുഖേനയുള്ള നികുതി വെട്ടിപ്പിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടയ്ക്ക, പ്ലൈവുഡ്, സ്ക്രാപ്പ്, ബീഡി, സിഗററ്റ് എന്നീ മേഖലകളിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയുക എന്ന ലക്ഷ്യത്തോടെ നികുതി വെട്ടിപ്പുകാരുടെ വീടുകളിലടക്കം സംസ്ഥാന വ്യാപകമായി സെർച്ചുകൾ നടത്തിയിട്ടുണ്ട്. നികുതി വെട്ടിപ്പിന് ഉപയോഗിച്ച വാഹനങ്ങളും ചരക്കുകളും പിടിച്ചെടുത്തിട്ടുണ്ട്. ഇത്തരം സാമ്പത്തിക കുറ്റകൃത്യം നടത്തുന്നതിന് നേതൃത്വം നൽകിയ മൂന്ന് പേരെ ഇതിനകം തന്നെ സംസ്ഥാന ജി എസ് ടി വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ബേക്കറികളിൽ തെറ്റായ വർഗീകരണം വഴി വലിയ തോതിൽ ഉള്ള നികുതി ചോർച്ച നടക്കുന്നുണ്ടെന്ന് മനസ്സിലാക്കി സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തി നികുതി ഇനത്തിൽ കോടിക്കണക്കിന് രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. സിനിമ മേഖലയിലും സ്വർണ്ണാഭരണ മേഖലയിലും, ഹോട്ടലുകളിലും നടക്കുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പ് ഊർജ്ജിതമായ അന്വേഷണവും പരിശോധനകളും നടത്തി വരികയാണ്. |
| (സി) | നികുതി പിരിവ് ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളുടെയും, അവർ നടത്തിയ അഴിമതികളുടെയും അടിസ്ഥാനത്തിൽ 2019-20, 2020-21, 2021-22 കാലയളവുകളിൽ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അവരിൽനിന്നും എത്ര തുക പിടിച്ചെടുത്തുവെന്നും വ്യക്തമാക്കുമോ; | (സി) | **നികുതി പിരിവ് ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളുടെയും, അവർ നടത്തിയ അഴിമതികളുടെയും അടിസ്ഥാനത്തിൽ 2019-20, 2020-21, 2021-22 കാലയളവുകളിൽ 33(മുപ്പത്തിമൂന്ന്) ഉദ്യോഗസ്ഥരുടെ പേരിൽ KCS(CC&A) Rules, 1960 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവരിൽ നിന്നും തുക ഒന്നും തന്നെ പിടിച്ചെടുത്തിട്ടില്ല.** |
| (ഡി) | നികുതി പിരിവ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വിശദമാക്കുമോ? | (ഡി) | **നികുതി പിരിവ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇ-വേ ബിൽ ആപ്പ്, എ എൻ പി ആർ ആപ്പ് എന്നിവ ഉദ്യോഗസ്ഥർക്ക് തയ്യാറാക്കി നൽകി. സംസ്ഥാന അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള എ എൻ പി ആർ സംവിധാനം വഴി സംസ്ഥാനത്തിനുള്ളിലേക്കു വരുന്ന ചരക്കു വാഹനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങളും അലർട്ടുകളും ഉദ്യോഗസ്ഥരുടെ കൈയ്യിൽ ഉള്ള മൊബൈലിലേക്ക് ആപ്ലിക്കേഷൻ മുഖേന ലഭ്യമാക്കുന്നു. ഇന്റലിജൻസ് വിഭാഗം നടത്തുന്ന വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ്** |

| | | | |
|---|---|---|---|
| | | | **പർച്ചേസ് മുതലായവ എല്ലാ ആഴ്ചയും വിലയിരുത്തി വരുന്നു. ഓരോ മാസത്തിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന രണ്ടു സ്ക്വാഡുകൾക്കു പ്രശംസ പത്രം നൽകുന്നു.**<br><br>**ഏതൊക്കെ മേഖലയിലാണ് ഓരോ സ്ക്വാഡും മെച്ചപ്പെടേണ്ടതെന്നു അതാത് ആഴ്ചയിലെ അവലോകന യോഗം വിലയിരുത്തുന്നു. വകുപ്പ് പുന:സംഘടന വഴി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.**<br><br>**ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഡിപ്പാർട്ട്മെന്റിന്റെ ട്രയിനിംഗ് സെൽ എല്ലാ വിംഗിലേയും ഉദ്യോഗസ്ഥർക്ക് വേണ്ടി പരിശീലന സെക്ഷൻ സംഘടിപ്പിച്ചു വരികയാണ്.**<br><br>**ജി എസ് ടി മാസ്റ്റർ ട്രയിനേഴ്സ് എടുക്കുന്ന ക്ലാസ്സുകൾക്കു ശേഷം ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകൾ നടത്തുകയും ആദ്യ റൗണ്ടിൽ വിജയിക്കാത്ത ഉദ്യോഗസ്ഥർക്ക് അടുത്ത റൗണ്ടിൽ തീവ്ര പരിശീലനം നൽകുകയും ചെയ്യുന്നു.**<br><br>**ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചിലെ ഉദ്യോഗസ്ഥർക്കായി അന്വേഷണത്തിന്റെ നിയമപരമായ വശങ്ങൾ പഠിക്കാനും വലിയ ഡാറ്റാ സെറ്റുകൾ പ്രോസസ്സ് ചെയ്യുന്നതിനും ഊന്നൽ നൽകി ട്രയിനിംഗ് സെൽ കൃത്യമായ ഇടവേളകളിൽ തുടർച്ചയായ പരിശീലനം നൽകി വരുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| 2019-20 | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | കണ്ടുപിടിച്ച കേസുകൾ | ഈടാക്കിയ തുക(തുക കോടിയിൽ) | ഈടാക്കുവാനുള്ള തുക(തുക കോടിയിൽ) |
|---|---|---|---|---|
| ഇൻവെസ്റ്റിഗേഷൻ വിഭാഗം | 678 | 654 | 10.7 | 8.12 |
| ഇന്റലിജൻസ് വിഭാഗം | 10410 | - | 58.26 | 65.39 |

| 2020-21 | രജിസ്റ്റർ ചെയ്ത കേസുകളുടെ | കണ്ടുപിടിച്ച കേസുകൾ | ഈടാക്കിയ തുക(തുക കോടിയിൽ) | ഈടാക്കുവാനുള്ള തുക(തുക കോടിയിൽ) |
|---|---|---|---|---|
| ഇൻവെസ്റ്റിഗേഷൻ വിഭാഗം | 319 | 272 | 24.13 | 48.94 |
| ഇന്റലിജൻസ് വിഭാഗം | 16687 | - | 86.52 | 166.75 |

| 2021-22 | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | കണ്ടുപിടിച്ച കേസുകൾ | ഈടാക്കിയ തുക(തുക കോടിയിൽ) | ഈടാക്കുവാനുള്ള തുക(തുക കോടിയിൽ) |
|---|---|---|---|---|
| ഇൻവെസ്റ്റിഗേഷൻ വിഭാഗം | 246 | 186 | 36.81 | 62.97 |
| ഇന്റലിജൻസ് വിഭാഗം | 18801 | - | 97.91 | 48.9 |

Jasmi

സെക്ഷൻ ഓഫീസർ